# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:24.06.2026**

## പ്രധാനവാർത്തകൾ

1. വികസനാത്മകമായ ബജറ്റാണ് സംസ്ഥാന സർക്കാർ അവതരിപ്പിച്ചതെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ നിയമസഭയിൽ. ബജറ്റിന്മേലുള്ള പൊതു ചർച്ച പൂർത്തിയാക്കി സഭ ഇന്നത്തേയ്ക്ക് പിരിഞ്ഞു.

2. വിദ്യാഭ്യാസ യോഗ്യതക്ക് ആനുപാതികമായി തൊഴിൽ ലഭ്യത ഉറപ്പുവരുത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി റോജി.എം. ജോൺ.

3. രണ്ട് വർഷത്തിനുള്ളിൽ 1000 വാണിജ്യ കപ്പലുകൾ എത്തുന്ന തുറമുഖങ്ങളിലൊന്നെന്ന ചരിത്ര നേട്ടവുമായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം..

4. ഹൈക്കോടതി ഉത്തരവ് പ്രകാരം സത്യപ്രതിജ്ഞ അസാധുവാക്കപ്പെട്ട തിരുവനന്തപുരം കോർപറേഷനിലെ 20 കൗൺസിലർമാർ നിയമാനുസൃതമായി വീണ്ടും സത്യപ്രതിജ്ഞ ചെയ്തു.

5. രാജ്യവ്യാപകമായി നടത്തുന്ന പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം ഈ മാസം 28-ന്. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി കെ. മുരളീധരൻ തിരുവനന്തപുരത്ത് നിർവ്വഹിക്കും.

RNU TVPM

6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ ബ്രസീൽ സ്കോട്ട്ലൻഡ് പോരാട്ടം നാളെ.

*********************

<u>നിയമസഭ</u>

വികസനാത്മകമായ ബജറ്റാണ് സംസ്ഥാന സർക്കാർ അവതരിപ്പിച്ചതെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ നിയമസഭയിൽ പറഞ്ഞു. 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിന്മേലുള്ള ചർച്ചയിൽ മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി. വീര്യം കുറഞ്ഞ മദ്യത്തിൻറെ വില്പനയുമായി ബന്ധപ്പെട്ട വിഷയം യുഡിഎഫിൽ ചർച്ചചെയ്ത് അന്തിമ തീരുമാനം എടുക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. മദ്യനയത്തിലെ ഇളവ് കേരള - കർണാടക മദ്യ ഇടനാഴിക്കുള്ള ശ്രമമാണെന്ന് ബി ജെ പി എം.എൽ.എ - ബി ബി ഗോപകുമാർ പറഞ്ഞു. കേന്ദ്ര നിലപാടുകളാണ് ബജറ്റിൽ കൂടുതലായി പരാമർശിക്കുന്നതെന്ന് സി.പി.എം എം.എൽ.എ കെ.എൻ. ബാലഗോപാൽ വിമർശിച്ചു. ബജറ്റിന്മേലുള്ള പൊതു ചർച്ച പൂർത്തിയാക്കി സഭ ഇന്നത്തേയ്ക്ക് പിരിഞ്ഞു. ഈ മാസം 29 ന് സഭ വീണ്ടും ചേരും. പി എം ശ്രീ പദ്ധതി സംബന്ധിച്ച അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് രാവിലെ സഭയിൽ നിന്ന് പ്രതിപക്ഷം വാക് ഔട്ട് നടത്തിയിരുന്നു.

*********************

<u>ഓപ്പറേഷൻ തൂഫാൻ</u>

'ഓപ്പറേഷൻ തൂഫാൻ' വ്യാപിപ്പിക്കുന്നതിൻറെ ഭാഗമായി കർണാടക, തമിഴ്നാട്, പുതുച്ചേരി മുഖ്യമന്ത്രിമാർക്ക് കത്തയച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ. മയക്കുമരുന്ന് കടത്ത് ശൃംഖലകൾ വിവിധ സംസ്ഥാനങ്ങളിലായി വ്യാപിച്ചു പ്രവർത്തിക്കുന്ന സാഹചര്യത്തിലാണ് ഏകോപിത നടപടികൾക്കായി ഈ നീക്കം.

*********************

RNU TVPM

## കൊച്ചി മെട്രോ- മുഖ്യമന്ത്രി (ഇൻട്രോ )

കൊച്ചി മെട്രോ രണ്ടാം ഘട്ട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പരമാവധി നടപടികൾ സർക്കാർ ഉടൻ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ . നിർമ്മാണ മേഖലയിലെ സുരക്ഷ ശക്ത്മാക്കുന്നതിന്റെ ഭാഗമായി കെ എം ആർ എൽ - ന്റെ സുരക്ഷാ വിഭാഗം ഏർപ്പെടുത്തുന്ന നടപടികൾ സർക്കാർ നിരീക്ഷിക്കുമെന്നും അദ്ദേഹം സഭയെ അറിയിച്ചു. തൃക്കാക്കര എം എൽ എ ഉമാ തോമസിന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു മുഖ്യമന്ത്രി

(ഹോൾഡ് വോയിസ് )

**********************

## റോജി എം ജോൺ

വിദ്യാഭ്യാസ യോഗ്യതക്ക് ആനുപാതികമായി തൊഴിൽ ലഭ്യത ഉറപ്പുവരുത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി റോജി.എം. ജോൺ. നിയമസഭാ കോൺഫറൻസ് ഹാളിൽ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസ നൈപുണ്യ വികസന സംവിധാനങ്ങൾ തൊഴിലവസരങ്ങളുമായി യോജിപ്പിക്കുന്നതിന് ഗ്ലോബൽ ജോബ് വാച്ച് ടവർ പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

PRU TVPM

**********************

## റാസ് ലഫാൻ- അർജുൻറെ മൃതദേഹം

ഖത്തറിലെ റാസ് ലഫാൻ വ്യവസായ കേന്ദ്രത്തിലുണ്ടായ അപകടത്തിൽ മരിച്ച കോഴിക്കോട് സ്വദേശി അർജുൻറെ മൃതദേഹം നാട്ടിലെത്തിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി വി ഡി സതീശന് കത്ത് നൽകി പ്രതിപക്ഷനേതാവ് പിണറായി വിജയൻ. റാസ് ലഫാനിലെ ബാർസാൻ ഗ്യാസ് വിതരണ കേന്ദ്രത്തിലെ ജീവനക്കാരനാണ് അർജുൻ. വിഷയത്തിൽ

ഖത്തറിലെ ഇന്ത്യൻ എംബസി അധികൃതരുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ എത്രയും പെട്ടന്ന് സ്വീകരിക്കണമെന്ന് പ്രതിപക്ഷനേതാവ് അഭ്യർത്ഥിച്ചു.

**********************

<u>മന്ത്രി കെ എ തുളസി</u>

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ബഡ്ജറ്റ് വിഹിതം വെട്ടിക്കുറയ്ക്കുന്നത് തടയാൻ പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാർ പരിശോധിക്കുമെന്ന് മന്ത്രി കെ എ തുളസി . നിയമസഭയിൽ വി. മുരളീധരൻ M L A ഉന്നയിച്ച ചോദ്യത്തിന് മറുപടി നൽകുകയായിരുന്നു മന്ത്രി.

**********************

<u>വിഴിഞ്ഞം (ഇൻട്രോ)</u>

രണ്ട് വർഷത്തിനുള്ളിൽ 1000 വാണിജ്യ കപ്പലുകൾ എത്തുന്ന തുറമുഖങ്ങളിലൊന്നെന്ന ചരിത്ര നേട്ടവുമായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. മദർഷിപ്പായ MSC ലൂസിയാന ഇന്ന് വൈകുന്നേരം തുറമുഖത്ത് ബെർത്ത് ചെയ്യതോടെയാണ് വിഴിഞ്ഞം ഈ നേട്ടം കൈവരിച്ചത് കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

(വോയ്സ്)

**********************

<u>ഹൈക്കോടതി</u>

തിരുവനന്തപുരം കോർപറേഷനിലെ 20 കൗൺസിലർമാരുടെ സത്യപ്രതിജ്ഞ ഹൈക്കോടതി അസാധുവാക്കിയ പശ്ചാത്തലത്തിൽ, കൗൺസിലർമാർ നിയമത്തിൽ നിർദേശിച്ചിട്ടുള്ള രീതിയിൽ വീണ്ടും സത്യപ്രതിജ്ഞ ചെയ്തു. വിവിധ ദൈവങ്ങൾ, രക്തസാക്ഷികൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവയുടെ നാമത്തിൽ എടുത്ത സത്യപ്രതിജ്ഞയാണ് അസാധുവാക്കിയത്. നാല് ആഴ്ചയ്ക്കകം

RNU TVPM

വീണ്ടും സത്യപ്രതിജ്ഞ ചെയ്യാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ക്രമീകരണം ഒരുക്കണമെന്ന് കോടതി നിർദേശിച്ചിരുന്നു. ഇതിനെ തുടർന്നാണ് കൗൺസിൽ അംഗങ്ങൾ ഇന്ന് വീണ്ടും സത്യപ്രതിജ്ഞ ചെയ്തത്.

*********************

## മന്ത്രി ടി.സിദ്ദിഖ്

പച്ചക്കറികളിലെ കീടനാശിനി പ്രയോഗം ജീവിതശൈലി രോഗങ്ങളിലേക്ക് നയിക്കുന്ന സാഹചര്യത്തിൽ, കൃഷിയിടത്തിലേക്ക് തിരിച്ചുപോകേണ്ടത് അനിവാര്യമാണെന്ന് കൃഷി വകുപ്പ് മന്ത്രി ടി.സിദ്ദിഖ്. തിരുവനന്തപുരം ഉള്ളൂർ കൃഷിഭവന്റെ നേതൃത്വത്തിൽ ചെഞ്ചേരിയിൽ ഒരുക്കിയ പപ്പായ കൃത്യതാകൃഷി മാതൃകാ കൃഷിതോട്ടത്തിലെ വിളവെടുപ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

*********************

## മന്ത്രിസഭാ

സംസ്ഥാനത്തെ പുതിയ ചീഫ് സെക്രട്ടറിയായി ബിശ്വനാഥ് സിൻഹയെ നിയമിച്ചു. ഇന്ന് ചേർന്ന മന്ത്രിസഭായോഗത്തിലാണ് തീരുമാനം. നിലവിലെ ചീഫ് സെക്രട്ടറി എ ജയതിലക് ഈ മാസം 30ന് വിരമിക്കുന്ന ഒഴിവിലാണ് നിയമനം. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണറായി എൻ. ശേഷാദ്രിനാഥനെ നിയമിക്കാൻ ഗവർണറോട് ശിപാർശ ചെയ്യും. ബംഗലുരുവിൽ ആശുപത്രി കെട്ടിടത്തിന്റെ മതിൽ ഇടിഞ്ഞു വീണ് മരിച്ച മൂന്ന് കുടുംബശ്രീ പ്രവർത്തകരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ വീതം അനുവദിക്കാനും മന്ത്രിസഭാ അനുമതി നൽകി. കൊട്ടാരക്കര നീലേശ്വരത്ത് വാഹനാപകടത്തിൽ മരിച്ച മൂന്നു പേരുടെ കുടുംബത്തിനും 5 ലക്ഷം രൂപ വീതം ധനസഹായം നൽകും. പരിക്കേറ്റ് കഴിയുന്നവരുടെ ചികിത്സാ ചെലവ് ഏറ്റെടുക്കാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

*********************

RNU TVPM

## പൾസ് പോളിയോ തുള്ളിമരുന്ന്

രാജ്യവ്യാപകമായി നടത്തുന്ന പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം സംസ്ഥാനത്ത് ഈ മാസം 28-ന് നടക്കും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഞായറാഴ്ച മന്ത്രി കെ. മുരളീധരൻ തിരുവനന്തപുരം തൈക്കാട് മാതൃ-ശിശു ആശുപത്രിയിൽ നിർവ്വഹിക്കും. തുള്ളിമരുന്ന് വിതരണത്തിൻറെ ക്രമീകരണങ്ങൾ പൂർത്തിയായതായി മന്ത്രി അറിയിച്ചു. അഞ്ച് വയസിന് താഴെയുള്ള കുട്ടികൾക്കാണ് തുള്ളിമരുന്ന് നൽകുന്നത്. ഇതിനായി 22,288 ബൂത്തുകൾ സജ്ജീകരിക്കും. തുള്ളിമരുന്ന് നൽകാൻ 46,663 സന്നദ്ധപ്രവർത്തകരെ പരിശീലനം നൽകി നിയോഗിക്കുമെന്നും മന്ത്രി പറഞ്ഞു. പോളിയോ ദിനത്തിൽ മരുന്ന് നൽകാൻ സാധിക്കാത്ത കുട്ടികൾക്കായി തുടർന്നുള്ള രണ്ട് ദിവസങ്ങളിൽ വോളണ്ടിയർമാർ ഭവന സന്ദർശനം നടത്തി തുള്ളിമരുന്ന് നൽകും.

*********************

## കൊട്ടിയൂർ (ഇൻട്രോ)

ഒരു മാസക്കാലം നീണ്ടുനിന്ന കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവം ഭക്തി നിർഭരമായ ചടങ്ങുകളോടെ സമാപിച്ചു. മനുഷ്യനെയും പ്രകൃതിയെയും ഒന്നിപ്പിക്കുന്ന അപൂർവമായ ചടങ്ങുകളോടെയാണ് ഓരോ വർഷവും വൈശാഖോത്സവം നടക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ. ശശിധരൻ.**

(വോയ്സ്)

*********************

PNU TVPM

## ഫിഫ ലോകകപ്പ്

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി 12.30ന് ഗ്രൂപ്പ് ബിയിൽ– ക്യാനഡ സ്വിറ്റ്സർലൻഡിനെയും, ഖത്തർ ബോസ്നിയയെയും നേരിടും. ഗ്രൂപ്പ് സിയിൽ നാളെ പുലർച്ചെ 3.30ന് ബ്രസീൽ സ്കോട്ട്ലൻഡിന് എതിരെ കളത്തിലിറങ്ങും. ഇന്ന് നടന്ന മത്സരത്തിൽ  കോംഗോയെ ഏകപക്ഷീയമായ ഒരു ഗോളിന് തകർത്ത് കൊളംബിയ നോക്കൗട്ടിൽ പ്രവേശിച്ചു.  മറ്റൊരു മത്സരത്തിൽ ഉസ്ബെക്കിസ്ഥാനെ, എതിരില്ലാത്ത അഞ്ചുഗോളിന് തകർത്ത് പോർച്ചുഗൽ ആദ്യ ജയം സ്വന്തമാക്കി.  മത്സരത്തിൽ മികച്ച പ്രകടനം പുറത്തെടുത്ത നായകൻ ക്രിസ്റ്റ്യാനോ റൊണാൾഡോ ആറ് ലോകകപ്പ് ടൂർണമെന്റുകളിൽ ഗോൾ നേടുന്ന  ആദ്യ താരം എന്ന ചരിത്ര നേട്ടം സ്വന്തമാക്കി.

RNU TVPM

**********************

## ഓഹരി / സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ  നേട്ടം. സെൻസെക്സ് 791 പോയിൻറ് ഉയർന്ന്  76,991 ലും നിഫ്റ്റി 198 പോയിൻറ് നേട്ടത്തിൽ 24,022 ലും വ്യാപാരം അവസാനിപ്പിച്ചു.
സ്വർണവില കുറഞ്ഞു .പവന് 200 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 5,840 രൂപയും ഗ്രാമിന് 13,230 രൂപയുമാണ് ഇന്നത്തെ വില.

**********************

## ക്ഷേമ പെൻഷൻ

ഈ മാസത്തെ വിവിധ ക്ഷേമ പെൻഷനുകളുടെ വിതരണം ഇന്ന് ആരംഭിച്ചു. ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവിറക്കി.  അടുത്ത മാസം മൂന്നാം തീയതിക്ക് മുമ്പ് പെൻഷൻ വിതരണം പൂർത്തിയാക്കാനാണ് നിർദേശം.

**********************

**************

*****